शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**612**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015–16

## മലയാളം

സ്റ്റാൻന്റേർഡ് : VI | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

---

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1. വർണന**

"വേഗമുറങ്ങൂ മകളേ, വെയിൽ
ചായുന്നു കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം-
കൊമ്പനായ് രാത്രി വരുന്നു."

**വേഗമുറങ്ങൂ - സച്ചിദാനന്ദൻ**

"രാവൊരു കട്ടിക്കരിമ്പടമായ് നിവരുന്നൂ
പാരിടം കുഞ്ഞിക്കൺകൾ ചിമ്മി വീണുറങ്ങുന്നു.
പച്ചിലകളിൽത്തെന്നൽ തല ചായ്ക്കുന്നു സൗമ്യ-
സ്വച്ഛമീ നിഴലിലെൻ ചേതന മയങ്ങുന്നു."

**പ്രഭാവലയം - ഏറ്റുമാനൂർ സോമദാസൻ**

എ) മുകളിൽ കൊടുത്ത, സച്ചിദാനന്ദന്റെ വരികളിൽ രാത്രിയെ ആരായാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്?

ബി) സച്ചിദാനന്ദന്റെയും, ഏറ്റുമാനൂരിന്റെയും വരികളിൽ രാത്രിയെ വർണിച്ചിരിക്കുന്നത് നോക്കൂ. അതുപോലെ ചിങ്ങമാസത്തിലെ നിലാവുള്ള രാത്രിയെക്കുറിച്ച് ഗദ്യ വർണന തയ്യാറാക്കുക.

**പ്രവർത്തനം 2. ആസ്വാദനക്കുറിപ്പ്**

'തേങ്ങ' എന്ന കഥയിൽ അക്കമ്മയും പ്രകൃതിയും തമ്മിലുള്ള അഗാധമായ സ്നേഹബന്ധം നിങ്ങൾക്കറിയാം. പ്രകൃതിയുടെ സ്നേഹം വെളിപ്പെടുത്തുന്ന 'തെങ്ങ്' എന്ന കവിത വായിച്ചു നോക്കു.

**തെങ്ങ്**

കാറ്റത്തിളകും മടലുകളും
കാച്ചുതഴയ്ക്കും കുലകളുമായ്
നമ്മുടെ തോട്ടത്തിൽ നിന്നിടുന്നു.
നല്ലൊരു തെങ്ങുകളൊട്ടനേകം
പാരിന്നഴകും നിഴലുമേകി-
പ്പാരമിത്തെങ്ങു വിളങ്ങിടുന്നു!
തന്നുടമസ്ഥനു വേണ്ടിയെല്ലാം
തൻതലമേൽത്താങ്ങി നിന്നിടുന്നു!
വേനൽക്കും മഞ്ഞിനും ഭേദമില്ല!
വേറിട്ടൊരറ്റ നനവുമില്ല!
അച്ഛനുമമ്മയും ബാല്യകാല-
ത്തല്പം ജലമിതിന്നേകി പോലും;
ആ നന്ദിമൂലമവർക്കിതിപ്പോ-
ളാശിച്ചതൊക്കെയും നൽകിടുന്നു.
പാൽച്ചോറു തന്നവർ കൊച്ചു നാളിൽ
പാരാതെയെന്നെയും പോറ്റിടുന്നു.

**ഉള്ളൂരിന്റെ പദ്യകൃതികൾ - ഉള്ളൂർ**

എ) കവിതയിലെ ആശയങ്ങൾ, പ്രയോഗഭംഗി, സ്വന്തം നിരീക്ഷണം എന്നിവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

ബി) താഴെ കൊടുത്തിരിക്കുന്നവയിൽ 'പാര്' എന്ന വാക്കിന്റെ സമാനപദം എഴുതുക.

- താര്
- ധാര
- ധര
- തരു

**പ്രവർത്തനം 3. സംഭാഷണം**

'ഓലകൾ ചവിട്ടി അവൾ ഒന്നാമത്തെ തെങ്ങിൻചോട്ടിലെത്തി. തെങ്ങ് മുഖം താഴ്ത്തി അവളെ ഉറ്റുനോക്കി. അവൾ പെറുക്കിയെടുത്തു. മാറിലടുക്കിയ രണ്ട് തേങ്ങകളെ നോക്കി നെടുവീർപ്പിടുന്നു....'

'കുറെ നാളായ് ഈ തേങ്ങായ്കൾ മഴകൊള്ളുകയാണെന്ന് അവൾക്ക് തോന്നി... ഓരോ തവണയും തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായ അറയിലാക്കി തിരിച്ച് വരുന്ന അക്കമ്മയോട്

തെങ്ങുകൾ കൃതജ്ഞതയോടെ മന്ത്രിച്ചു...'

എ) എന്തൊക്കെ കാര്യങ്ങളായിരിക്കും അക്കമ്മയും തെങ്ങും തമ്മിൽ സംസാരിച്ചിട്ടുണ്ടാവുക? സംഭാഷണ രൂപത്തിൽ എഴുതുക.

(കുറഞ്ഞത് 4 വീതം സംഭാഷണങ്ങൾ)

ബി) 'കൃതജ്ഞത' എന്ന വാക്കിന്റെ സമാനപദം താഴെക്കൊടുത്തവയിൽ ഏത്?

- ദേഷ്യം
- നന്ദി
- വെറുപ്പ്
- നീരസം

**പ്രവർത്തനം 4. ഉപന്യാസം**

"സ്നേഹത്തിൽ നിന്നുദിക്കുന്നു-ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.
സ്നേഹം താൻ ശക്തി ജഗത്തിൽ-സ്വയം
സ്നേഹം താൻ ആനന്ദമാർക്കും."

**ചണ്ഡാലഭിക്ഷുകി - കുമാരനാശാൻ**

"സ്നേഹമാണഖില സാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകാം"

**നളിനി - കുമാരനാശാൻ**

മുകളിൽ കൊടുത്തിരിക്കുന്ന വരികളിലെ ആശയവും സ്നേഹത്തെകുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടും ഉൾച്ചേർത്ത് ഒരു ഉപന്യാസം തയാറാക്കുക.

**പ്രവർത്തനം 5. വിശകലനക്കുറിപ്പ്**

"ഉണ്ണിമോഹങ്ങൾ തുള്ളിക്കളിക്കും
മണ്ണിലെ നറും കൗതുകത്തിന്റെ
ഉള്ളിനുള്ളിലെ തേൻതുള്ളിയായ് ഞാ-
നൂറിനിൽക്കുന്നൊരു ഞൊടി നേരം."

**-കടമ്മനിട്ട രാമകൃഷ്ണൻ**

എ) വരികളിലെ 'ഞാൻ' എന്നു സൂചിപ്പിക്കുന്നതാരെയാണ്?

ബി) നിർവൃതികരമായ പിതൃവാത്സല്യത്തിന്റെ ഉദാഹരണമാണ് 'ഊഞ്ഞാൽപാട്ട്' എന്ന കവിത. മുകളിൽ കൊടുത്ത വരികളിലെ 'ഉള്ളിനുള്ളിലെ തേൻതുള്ളി' തുടങ്ങിയ പ്രയോഗത്തിലെ സവിശേഷതകൾ കൂടി ഉൾപ്പെടുത്തി കവിതക്ക് വിശകലനക്കുറിപ്പ് തയാറാക്കുക.